"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ **2015-16** മുതൽ **2021-2022** അധ്യയന വർഷം വരെ **(31.03.2022** വരെ) വ്യവസ്ഥാപിത അധിക/റഗുലർ തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ച അധ്യാപക - അനധ്യാപക ജീവനക്കാർക്ക് സംരക്ഷണ ആനുകൂല്യം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.79/2026/GEDN തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. സ.ഉ(പി) 29/2016 /പൊ.വി.വ തീയതി 29.01.2016.

2. സ.ഉ(പി) 8/2022 /പൊ.വി.വ തീയതി 14.07.2022.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23.12.2025 തീയതിയിലെ DGE/5276/2022-H5 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2014-15 അധ്യയനവർഷം വരെ റഗുലർ തസ്തികയിൽ നിയമിതരായ എയ്ഡഡ് സ്കൂൾ അധ്യാപക - അനധ്യാപക ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി സംരക്ഷണാനുകൂല്യം അനുവദിച്ചിരുന്നു. പരാമർശം (2) പ്രകാരം മേൽ കാലയളവിൽ അധിക തസ്തികയിൽ നിയമിതരായ എയ്ഡഡ് സ്കൂൾ അധ്യാപക - അനധ്യാപക ജീവനക്കാർക്കും വ്യവസ്ഥകൾക്ക് വിധേയമായി സംരക്ഷണാനുകൂല്യം അനുവദിച്ചിരുന്നു.

2. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2015-16 മുതൽ 2021-2022 അധ്യയന വർഷം വരെ (31.03.2022 വരെ) വ്യവസ്ഥാപിത അധിക/റഗുലർ (രാജി, മരണം, വിരമിക്കൽ, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവ പ്രകാരമുള്ള) തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ച അധ്യാപക-അനധ്യാപക ജീവനക്കാർക്ക് ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി സംരക്ഷണ ആനുകൂല്യം അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു:

a) 2015-16 മുതൽ 2021-2022 അക്കാദമിക വർഷം വരെ (31.03.2022 വരെ) എയ്ഡഡ് സ്കൂളുകളിൽ വ്യവസ്ഥാപിത അധിക/റഗുലർ (രാജി, മരണം, വിരമിക്കൽ, സ്ഥാനക്കയറ്റം, സ്ഥലമാറ്റം എന്നിവ പ്രകാരമുള്ള) തസ്തികകളിൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച അധ്യാപക - അനധ്യാപക ജീവനക്കാർക്ക് ഈ ഉത്തരവ് തീയതി പ്രാബല്യത്തിൽ സംരക്ഷണ ആനുകൂല്യത്തിന് അർഹത ഉണ്ടാകുന്നതാണ്.

b) മേൽപ്രകാരം സംരക്ഷണം ലഭിച്ച ജീവനക്കാർ തസ്തിക നഷ്ടപ്പെട്ടു പുറത്തു പോകുമ്പോൾ അവർ അധ്യാപക ബാങ്കിൽ ഉൾപ്പെടുന്നതും, പുനർവിന്യാസം നടത്തുന്ന തീയതി മുതൽ ശമ്പളത്തിനും മറ്റു ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതുമാണ്. അതതു സമയം സർക്കാർ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾക്ക് അനുസൃതമായിട്ടായിരിക്കണം പുനർവിന്യാസം നടത്തേണ്ടത്.

c) ഇപ്രകാരം പുനർവിന്യസിക്കപ്പെടുന്ന അധ്യാപകരെ അവരുടെ മാനേജ്മെന്റിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവിൽ ചട്ട പ്രകാരം മാറ്റി ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം മാനേജ്മെന്റിൽ തിരികെ സേവനത്തിൽ പ്രവേശിക്കുന്ന അധ്യാപകരുടെ സീനിയോറിറ്റി സംരക്ഷിതാധ്യാപകരുടെ സീനിയോറിറ്റി നിശ്ചയിക്കുന്ന രീതിയിൽ തന്നെ തുടരാവുന്നതാണ്.

d) തസ്തിക ഇല്ലാതെ അധ്യാപക ബാങ്കിൽ ഉൾപ്പെട്ടു പുനർവിന്യാസം നടത്തുന്നത് വരെയുള്ള കാലയളവ് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നോൺ ഡ്യൂട്ടി ആയി ക്രമീകരിക്കാവുന്നതാണ്.

e) തസ്തികയില്ലാതെ പുറത്തുനിന്ന കാലയളവ് യാതൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും അവകാശവാദം ഉന്നയിക്കുകയില്ലെന്ന് Stamp paper ൽ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അദ്ധ്യാപകർ/അനദ്ധ്യാപകർ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിലുള്ള സംരക്ഷണത്തിന് യോഗ്യത നേടുന്ന അദ്ധ്യാപക/അനദ്ധ്യാപകരുടെ പേര്, തസ്തിക, സ്കൂൾ, മറ്റ് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്.

f) കെഎസ്ആർ ഭാഗം III ചട്ടം 31 (a) പ്രകാരം തസ്തികയില്ലാതെ പുറത്തു നിൽക്കുന്ന കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുകയില്ല. അതിനാൽ എയ്ഡഡ് സ്കൂളുകളിലെ സംരക്ഷണ ആനുകൂല്യം നൽകിയിട്ടുള്ള അദ്ധ്യാപകർ/അനദ്ധ്യാപകർ തസ്തികയില്ലാതെ പുറത്തു നിന്ന കാലയളവ്, മേൽ ചട്ട പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുകയില്ല.

g) 31.03.2022 തീയതിയ്ക്കുള്ളിൽ, നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം, ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് ശമ്പള സ്കെയിലിൽ പ്രൊവിഷണലായും ദിവസ വേതന അടിസ്ഥാനത്തിലും അംഗീകാരം ലഭിച്ചവർക്ക്, അവരുടെ നിയമനം ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മാത്രമേ സംരക്ഷണ ആനുകൂല്യത്തിന് അർഹത ഉണ്ടാവുകയുള്ളൂ.

3. മേൽ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ, ഈ വിഷയത്തിൽ വിശദമായ തുടർ മാർഗ നിർദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്.
മാനേജർ, സ്പാർക്.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി.) വകുപ്പ് (13.3.2026 തീയതിയിലെ ഇനം. നം.3943 പ്രകാരം)
ധനകാര്യ വകുപ്പ് (**E.3414595/ EDN-A3/49/2026-FIN** dated 15.03.2026 പ്രകാരം)
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.